Vol. 2 • Issue 3 • August 2012

# ജോൺ ഓഫ് ഗോഡ് മെസഞ്ചർ

A NEWSLETTER OF ST. JOHN OF GOD SPECIAL SCHOOL, VELLOOR



# ഫീസ്റ്റ് ആശംസകൾ!

വി. അഗസ്റ്റിന്റെ നാമം
സ്വീകരിച്ച് സമർപ്പിത
ജീവിതത്തിന്റെ ദൈവീക
വഴിയിലൂടെ ചരിച്ച് സെന്റ്
ജോൺ ഓഫ് ഗോഡ്
സ്പെഷ്യൽ സ്കൂളിന്റെ
അമരക്കാരനായ ഞങ്ങ
ളുടെ അഗസ്റ്റിനച്ചന്
ഫീസ്റ്റ് ആശംസകൾ



**ബ്ര. അഗസ്റ്റിൻ പോളപ്രയിൽ**

**ഡയറക്ടർ**

**സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽസ്കൂൾ**

**ഫീസ്റ്റ് : ഓഗസ്റ്റ് 28**

---

# ഫീസ്റ്റ് ആശംസകൾ!

**വി. ബനഡിക്ടിന്റെ നാമം സ്വീകരിച്ച്
ജൂലൈ 11-ാം തീയതി ഫീസ്റ്റ് ആഘോഷിച്ച
സെന്റ് ജോൺ ഓഫ് ഗോഡ് സെന്റർ സുപ്പീരിയർ,
ബ്രദർ ബനഡിക്റ്റിന്
ഫീസ്റ്റിന്റെ ഒരായിരം ആശംസകൾ!**



**JOHN OF GOD MESSENGER**
Newsletter

Vol. 2
Issue 3
August 2012

**ST. JOHN OF GOD SPECIAL SCHOOL**
Annadivayal, Velloor P.O.
Pampady, Kottayam - 686501

Tel. 0481 - 2373236, 2373222
e-mail: seldjohnofgodschool@yahoo.com
web: www.stjohnofgodcentre.org

CHIEF EDITOR
**Mr. Dipu John**

EDITORIAL BOARD MEMBERS
**Mr. Arun Babu**
**Sr. Lisby SCJG**
**Mr. Shaji A. S.**
**Mrs. Ruby Sebastian**
**Ms. Bindhu Velayudhan**
**Ms. Josmy Joseph**
**Ms. Geethu Das**

TYPE SETTING & PRINTING
**SR Graphics**
Mass Tower, Viaskara, Kottayam-39
Tel : 0481 - 2301142

**PRIVATE CIRCULATION ONLY**

# എഡിറ്റോറിയൽ

ഗൃഹാതുരത്വത്തിൽ കുതിർന്ന ഒരോണക്കാലം കൂടി... ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും ഈ ഓണനാളുകളിൽ വേറിട്ട ചില ഓണചിന്തകൾക്ക് നാം ഒരുങ്ങേണ്ടിയിരിക്കുന്നു. അപരന്റെ ഇല്ലായ്മയിലേയ്ക്ക് നടത്തുന്ന തീർത്ഥയാത്രയുടെ ആസ്വാദ്യതയാവണം വിഭവസമൃദ്ധിയുടെ ഈ ദിവസങ്ങളിൽ മാവേലി തമ്പുരാനായി നമുക്കിടയിലേയ്ക്ക് വിരുന്നു വരേണ്ടത്. അനാഥത്വവും വൈകല്യവുമൊക്കെ നിശബ്ദരാക്കിയ എത്രയോ ജീവിതങ്ങളാണ് നമ്മുടെയൊക്കെ വീടുകളിലും സ്ഥാപനങ്ങളിലും ആരോരുമറിയാതെ കത്തിയെരിയുന്നത്. വരില്ലെന്നുറപ്പായിട്ടും മാതാപിതാക്കളെയും സഹോദരങ്ങളുടെയുമൊക്കെ വഴിക്കണ്ണുമായി കാത്തിരിക്കുന്ന അനാഥ വൈകല്യങ്ങളാണ് ചുറ്റും നൃത്തം വയ്ക്കുന്നത്.
വിഫലമായ ഈ ജൽപനങ്ങൾക്ക് കൂട്ടുകാരാകാൻ സമൃദ്ധിയുടെ ഈ നാളുകളിൽ നമുക്കായെങ്കിൽ. ആഡംബരത്തിന്റെയും സുഖലോലുപതയുടെയും ദിവസങ്ങളിൽ നിരാശ്രയത്വവും, അനാഥത്വവും ബാക്കിവച്ച ഓണക്കാഴ്ചകൾ നമുക്കു ചുറ്റുമുണ്ടെന്ന തിരിച്ചറിവിനായി നാം കാതോർക്കേണ്ടിയിരിക്കുന്നു. വൈകല്യങ്ങൾ അനുഭവിക്കുന്ന ഓരോ വ്യക്തിയുടെയും ചുറ്റും നിഴലിടുന്ന സ്നേഹത്തിന്റെ ആരവങ്ങളാകണം ഈ ഓണം. നിശബ്ദതയ്ക്ക് കൂട്ടിരിക്കുന്ന നമ്മുടെയീ സഹോദരങ്ങൾക്കുള്ള പാഥേയമായ് മാറട്ടെ എന്റെ ഈ ഓണം...



*ഓണാശംസകളോടെ...*

**ദിപു ജോൺ**
എഡിറ്റർ

# Message



# തിരുവോണം

**Br. Vincent Kochamkunnel**

തിരുവോണം എന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സ് സന്തോഷം കൊണ്ട് നിറയുന്നു. നാളുകൾ നീളുന്ന ഒരുക്കങ്ങളാണ് മാവേലിയെ സ്വീകരിക്കുവാനായി നമ്മൾ നടത്തുന്നത്. കുട്ടികൾ വീടും പരിസരവും വൃത്തിയാക്കുന്നു, ഊഞ്ഞാൽ കെട്ടുന്നു, വീട്ടുമുറ്റത്ത് അത്തപ്പൂവിടുന്നു, ഓണസദ്യ ഒരുക്കുന്നു, ഓണപ്പുടവ മേടിക്കുന്നു, അങ്ങനെ എല്ലാവരും ആഹ്ലാദതിമിർപ്പിലാണ്.

"മാവേലി നാടുവാണിരുന്ന കാലം മനുഷ്യരെല്ലാവരും ഒന്നുപോലെ." ജാതിയുടെയോ മതത്തിന്റെയോ വേർതിരിവുകളില്ലാതെ മനുഷ്യരെല്ലാവരും ഒന്നുപോലെ കഴിഞ്ഞിരുന്ന ആ കാലഘട്ടത്തെ സൂചിപ്പിക്കുന്ന ദിവസമാണ് തിരുവോണം. ഇവിടെ പണക്കാരനെന്നോ, പാവപ്പെട്ടവനെന്നോ ഉള്ള വ്യത്യാസമില്ല. സ്ത്രീയെന്നോ പുരുഷനെന്നോ കുട്ടികളെന്നോ പ്രായം ചെന്നവർ എന്നോ ഉള്ള വ്യത്യാസമില്ല. എല്ലാവരും ഒരുപോലെ കൈകോർത്ത് സമൃദ്ധിയും സാഹോദര്യവും കളിയാടുന്ന സ്നേഹത്തിൽ ഒരുമിക്കുന്ന അസുലഭ കാലത്തിന്റെ ഓർമ്മകളാണ് നമ്മുടെ മനസ്സിൽ തിരുവോണം നൽകുന്നത്.

എന്നാൽ ഇന്ന് തിരുവോണം ആഘോഷിക്കുമ്പോൾ യഥാർത്ഥത്തിൽ നമ്മുടെ ചുറ്റുമുള്ള സഹോദരങ്ങളെ ഒരുപോലെ നമുക്കു കാണുവാൻ സാധിക്കുമോ? മൂല്യങ്ങൾക്ക് യാതൊരു വിലയും കൊടുക്കാത്ത ഒരു കാലഘട്ടത്തിലാണ് നമ്മൾ ഇന്ന് ജീവിക്കുന്നത്. എല്ലാവരും ഐക്യത്തോടെ സ്നേഹത്തോടും സന്തോഷത്തോടും കൂടി സമാധാനത്തിൽ ജീവിച്ചെങ്കിൽ മാത്രമേ നമ്മുടെ ഓണാഘോഷങ്ങൾക്ക് അർത്ഥമുള്ളൂ. യഥാർത്ഥ സന്തോഷം നമുക്ക് ലഭിക്കുന്നത് നമുക്കു ലഭിച്ചിരിക്കുന്ന ദാനങ്ങൾ, കഴിവുകൾ, സമ്പത്ത് എന്നിവയൊക്കെ മറ്റുള്ളവരുമായി പങ്കുവയ്ക്കുമ്പോഴാണ്. മറിച്ച് കിട്ടുന്നതെല്ലാം സ്വരൂപിച്ച് സ്വാർത്ഥതാല്പര്യത്തോടെ സൂക്ഷിച്ചുവയ്ക്കുന്നതിലല്ല. നമ്മുടെ ചുറ്റുപാടും ഒന്നുനോക്കിയാൽ പല വിധത്തിൽ വേദനിക്കുന്നവർ, സ്നേഹത്തിനുവേണ്ടി ദാഹിക്കുന്നവർ, സമാധാനവും സന്തോഷവും ജീവിതത്തിൽ അനുഭവിച്ചിട്ടില്ലാത്തവർ എന്നിങ്ങനെ ധാരാളം പേരെ കാണുവാൻ സാധിക്കും. അവർക്ക് സ്നേഹത്തിന്റെ സാന്ത്വനവാക്കുകൾ പകർന്നു കൊടുക്കുവാൻ സാധിച്ചാൽ നമ്മുടെ ആഘോഷങ്ങൾക്ക് അർത്ഥമുണ്ടാകും. അങ്ങനെ ദൈവസ്നേഹവും പരസ്നേഹവും ഓരോ മനുഷ്യരിലും യാഥാർത്ഥ്യമാകുമ്പോൾ നമ്മുടെ ജീവിതത്തിനും ഓണാഘോഷങ്ങൾക്കും തിളക്കവും പ്രസക്തിയുമുണ്ടാവും.

സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സമഭാവനയുടെയും ഓണം നമുക്ക് ആഘോഷിക്കാം. സെന്റ് ജോൺ ഓഫ് സെന്ററിലെ എല്ലാ അംഗങ്ങൾക്കും കുട്ടികൾക്കും ശാന്തിയുടെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സമൃദ്ധിയുടെയും ഓണാശംസകൾ ഒത്തിരി സ്നേഹത്തോടെ നേരുന്നു.





# എന്നിലെ നിധി കണ്ടെത്തുക...

**JAMEELA P.S.**
Pricipal, K.V.M. College of Special Education, Cherthala



ഇന്ന് ഓട്ടിസം എന്ന വാക്ക് എല്ലാവർക്കും സുപരിചിതമാണ്. മുൻകാലത്ത് ഈ വാക്ക് പ്രൊഫഷണൽസ് മാത്രമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് എല്ലാവരുടെയും ശ്രദ്ധ ആകർഷിക്കുന്ന ഒരു പദമായി മാറിയിരിക്കുന്നു ഓട്ടിസം.

സാധാരണ വൈകല്യങ്ങളേക്കാളും വിവിധ കാരണങ്ങൾ കൊണ്ട് 'ഓട്ടിസം' എന്ന അവസ്ഥ ഏറെ സങ്കീർണ്ണമാണ്. മൂന്നു കാര്യങ്ങളിലാണ് പ്രധാനമായും പ്രശ്നങ്ങൾ നിലകൊള്ളുന്നത്. അതായത് ത്രിതല തടസ്സങ്ങൾ.

1. ആശയവിനിമയം
2. സാമൂഹിക പാടവം
3. ചിന്താഭാവന തലം

ഇവ കൂടാതെ പഠനങ്ങൾ പറയുന്നത് ക്രമരഹിതമായ ഇന്ദ്രിയാനുഭൂതി ചുറ്റുപാടിൽനിന്ന് ഉണ്ടാകുന്ന പ്രലോഭനത്തിന് അനുസൃതമായ രീതിയിൽ പ്രതികരിക്കുന്ന സ്വഭാവം കൂടുതലായി കണ്ടുവരുന്നു എന്നുമാണ്.

ഇവരുമായി ബന്ധപ്പെടുന്നവർ കുറച്ചൊന്ന് ശ്രദ്ധിച്ചാൽ കാര്യങ്ങൾ ഭംഗിയായി കൊണ്ടുപോകുവാൻ സാധിക്കും. ഓരോ കുട്ടിയും വ്യത്യസ്തരാണ്. ഓരോരുത്തരിലും കഴിവുകളും പ്രത്യേകതകളും ഉണ്ട്. ഇവരുടെ പരിമിതികൾ മനസ്സിലാക്കുക എന്നതാണ് പരമപ്രധാനം. ഇതൊക്കെ ഗാഢമായി നിരീക്ഷിച്ച് പ്രവർത്തിച്ചാൽ കാര്യങ്ങൾകുടുതൽ എളുപ്പം! സമൂഹത്തിലെ മറ്റുള്ളവരെപോലെ ജീവിക്കുവാനുള്ള സ്വാതന്ത്ര്യം, വിദ്യാഭ്യാസത്തിനുള്ള അവകാശം എന്നിവ ഇവർക്കും ഉണ്ട്. ഒരിക്കലും 'തരംതാഴ്ത്തൽ' ഉണ്ടാവരുത്. അതുപോലെ 'മുൻധാരണ' ഒഴിവാക്കുക.

ഇവർക്കും ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ കഴിവ് ഉണ്ടെന്ന് മനസ്സിലാക്കുക. 'നിധി' അല്ലെങ്കിൽ സവിശേഷതകൾ എവിടെയാണ് എന്ന് കണ്ടെത്തുക. നാം ആഴത്തിൽ മനസ്സിലാക്കുകയും, പഠിക്കുകയും വേണം. നല്ല നിരീക്ഷണവും ഉണ്ടായിരിക്കണം.

ഓരോ കുട്ടിയും നമ്മെ ഓർമ്മപ്പെടുത്തുന്നത് എനിക്കും ജീവിക്കാനുള്ള സ്വാതന്ത്ര്യവും വിദ്യാഭ്യാസത്തിനുള്ള അവകാശവും ഉണ്ട് എന്നതാണ്. സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിപ്പെടുവാനുള്ള തത്രപ്പാട് സ്വാശ്രയത്വം കൈവരിക്കുക എന്നതാണ് മുഖ്യലക്ഷ്യം. ഒരു നിമിഷം എന്നെ അലട്ടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പ്രവർത്തിച്ചാൽ എനിക്കും നിങ്ങളെപ്പോലെ സ്വാഭിമാനം ജീവിക്കു

വാൻ സാധിക്കും എന്ന് ഓരോ കുട്ടിയും നമ്മെ ഓർമ്മപ്പെടുത്തുന്നു.

എല്ലാവരിലും അന്തർലീനമായി ചില കഴിവുകൾ ഉണ്ട്. എന്നാൽ നാം അവസരത്തിനൊത്ത് അവ വിനിയോഗിക്കുന്നു. ഇവിടെ ഒരു നിമിഷം നാം ചിന്തിക്കേണ്ടിയിരിക്കുന്നു ഈ അവസരം ഇവർക്ക് കിട്ടുന്നുണ്ടോ എന്നുള്ളത്. ഒരു നിമിഷം മതി ഗതി മാറ്റിമറിക്കുവാൻ. ഒരു കണ്ടെത്തലിലൂടെ എല്ലാം നേടിയെടുക്കുവാൻ സാധിച്ചേക്കാം. അതിലേക്കുള്ള പ്രയാണം എത്ര ബുദ്ധിമുട്ടിയാലും നാം നേടിക്കൊടുക്കുവാൻ സന്നദ്ധരാകണം. പ്രായത്തിലും കഴിവിനും പരിമിതികൾക്കും അനുയോജ്യമായിട്ടുള്ള പരിശീലനങ്ങളാണ് കൊടുക്കേണ്ടത്.

4. സംഭാഷണം
(Verbal representation)

5. ഇന്ദ്രിയാനുഭവങ്ങളുടെ തിരിച്ചറിവ് (Sensory discrimination)

6. കലാപരമായ കഴിവുകൾ
(Artistic Ability)

7. യന്ത്രങ്ങൾ സംബന്ധിച്ച വൈദഗ്ദ്ധ്യം (Mechanical destirity) splinder, skills, music, computer, puzle.

Dr. Bernald Rimdand 'Artistic Savant' എന്ന പദം കൊണ്ടുവന്നു. പൊതുവായ ശാരീരിക മാനസ്സിക പ്രവർത്തനക്ഷമതയുടെ നിലവാരം കുറവായിരിക്കുമ്പോൾ തന്നെ, പ്രത്യേകമേഖലകളിൽ എടുത്തുപറയത്തക്ക കഴിവുകളും നേട്ടങ്ങളും പ്രകടിപ്പിക്കാനുള്ള കഴിവ് എന്നതാണ് ഇതുകൊണ്ട് അർത്ഥമാ

2. Concrete thinker (വ്യക്തമായി ചിന്തിക്കുന്ന ആൾക്കാർ) ആശയങ്ങൾ പടങ്ങളിലൂടെ വ്യക്തമാക്കി കൊടുക്കുക.

3. Need structure നാം എന്താണ് പ്രതീക്ഷിക്കുന്നത് എന്ന് പറഞ്ഞു വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുക.

4. Work well in a set routine - ഇവർക്ക് പരിമിതമായ ചുറ്റുപാടിൽ കാര്യങ്ങൾ വളരെ ആശ്വാസകരമാണ്. ചെയ്യേണ്ടവ മുൻകൂട്ടി ലളിതമായി പറഞ്ഞുകൊടുക്കാം.

5. Cops better with adult than peers സമപ്രായക്കാരുമായി സൗഹൃദം പുലർത്തുന്നില്ല. കൂടുതലും മുതിർന്ന കുട്ടികളുമായോ പ്രായമായവർ ആയോ ആയിരിക്കും.








'ഒരിക്കലും കുട്ടിക്ക് സാധിക്കാഞ്ഞിട്ടായിരിക്കില്ല, മറിച്ച് അത് നേടിക്കൊടുക്കുവാനുള്ള വഴി നാം കണ്ടെത്താത്തത് മൂലം ആകാം.'

'ഓട്ടിസം' ഉള്ളവരിൽ കാണപ്പെടാവുന്ന പ്രത്യേക കഴിവുകളുടെ മേഖലകളെ Dr. Robyn (2001) താഴെ പറയുന്ന പ്രകാരം വിവരിച്ചിട്ടുണ്ട്.

1. സംഗീതബോധന
(Music Precocity)

2. ഗണിതം, പ്രത്യേകിച്ച് ഗുണനം
(Arithematic, especially Multiplication)

3. കാല ഗണനം
(Calender Calculation)

ക്കുന്നത്. ഇത്തരം കഴിവുകളുടെ മേഖലകളെ തിരിച്ചറിയുകയും ഇത് പ്രദർശിപ്പിക്കാനുള്ള അവസരം സൃഷ്ടിച്ച് കൊടുക്കുകയുമാണ് ചെയ്യേണ്ടത്.

### ഇവരുടെ കഴിവുകൾ പരമാവധി പുറത്ത് കൊണ്ടുവരുന്നതിന് നാം അറിഞ്ഞിരിക്കേണ്ടവ.

1. Visual leaners മിക്ക കുട്ടികളും Visual ആയി കാര്യങ്ങൾ മനസ്സിലാക്കുന്നവരാണ്. Photographic Memory ഉണ്ട്. പറയുന്നതിനോടൊപ്പം പദങ്ങളും കാണിച്ചുകൊടുക്കാം.

6. Waiting is stressful എത്രനേരം കാത്തിരിക്കണം എന്ന് കൃത്യമായി പറയേണ്ടതുണ്ട്.

7. Transition is stressful ഒരു പ്രവർത്തനത്തിൽ നിന്ന് വേറൊരു പ്രവർത്തനത്തിലേയ്ക്ക് മാറുമ്പോൾ Visual ആയി മുന്നറിയിപ്പ് കൊടുക്കുക.

പരിശീലനത്തിലുടനീളം പ്രയോഗിക്കാവുന്ന തന്ത്രമാണ് 'Grandmass law' or 'Primac principle'.

"Eat the vegetables before you eat the icecream"

കുട്ടിക്ക് ആവശ്യമായതും എന്നാൽ താത്പര്യം കുറഞ്ഞതുമായ കാര്യം നേടിയെടുക്കുവാൻ ഈ നിയമം (പ്രയോഗം) ഫലപ്രദമാണ്.

**രക്ഷിതാക്കൾ, ടീച്ചേഴ്സ് അതുപോലെ കുട്ടിയുമായി ബന്ധപ്പെട്ട മറ്റ് ആളുകൾ അറിഞ്ഞിരിക്കേണ്ട- അതായത് ഓരോ ഓട്ടിസം ഉള്ള കുട്ടിയും നമ്മെ ഓർമ്മപ്പെടുത്തുന്ന പത്ത് കാര്യങ്ങൾ. (Ellen Notbohn : 10 things about Autism)**

1. പ്രഥമവും പ്രധാനവുമായി ഞാൻ ഒരു കുട്ടിയാണ്. എനിക്ക് ഓട്ടിസം ഉണ്ടെങ്കിലും ഇത് തന്റെ പ്രധാനപ്രശ്നം അല്ല.

2. എന്റെ ഇന്ദ്രിയാനുഭൂതികൾ (തിരിച്ചറിവുകൾ) ക്രമരഹിതങ്ങളാണ്.

3. അരുതാത്തതും, (ഞാൻ ചെയ്തുകൂടാത്തത്) കഴിയാത്തതും (എനിക്ക് ചെയ്യാൻ പറ്റാത്തത്) തമ്മിലുള്ള വ്യത്യാസം തിരിച്ചറിയുന്നതിന് എപ്പോഴും ഓർമ്മിക്കുക.

4. ഞാൻ വ്യക്തമായി ചിന്തിക്കുന്നു. ചിന്തകളെ വാക്കുകളാൽ വ്യാഖ്യാനിക്കുന്നു.

5. എന്റെ പരിമിതമായ പദസഞ്ചയത്തിൽ ദയവായി ക്ഷമിക്കുക.

6. ഭാഷാ ഉപയോഗം എന്നെ സംബന്ധിച്ച് പ്രയാസമേറിയതാണ്. ഞാൻ കൂടുതലായി കാഴ്ചകളിലൂടെ മനസ്സിലാക്കുന്നു.


7. എനിക്ക് ചെയ്യാൻ കഴിയാത്തത് എന്ത് എന്നതിനേക്കാൾ എനിക്ക് ചെയ്യാൻ കഴിയുന്നത് എന്ത് എന്ന് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.

8. സമൂഹവുമായി ഇടപഴകുന്നതിന് ദയവായി എന്നെ സഹായിക്കുക.

9. എന്റെ പ്രശ്നങ്ങളെ രൂക്ഷമാക്കുന്നത് എന്തെന്ന് തിരിച്ചറിയാൻ ശ്രമിക്കുക.

10. എന്നെ ഉപാധികളില്ലാതെ ഇഷ്ടപ്പെടുക.

ഇവരിലുള്ള പരിമിതികൾ മനസ്സിലാക്കി സവിശേഷതകൾ കണ്ടെത്തി കൈപിടിച്ചുയർത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അഭിമാനപുരസരം ജീവിക്കാൻ ഒരുങ്ങാം. അങ്ങനെ അവരിൽ ഒളിഞ്ഞുകിടക്കുന്ന നിധി പ്രകടമാക്കാം.



സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിലെ 2012 - 2013 അധ്യയനവർഷത്തെ പ്രഥമ അധ്യാപകരക്ഷകർതൃ സമ്മേളനം 2012 ജൂലൈ 8 - ാം തീയതി നടത്തപ്പെട്ടു. 10:30 - ന് ആരംഭിച്ച മീറ്റിങ്ങിന് പി.ടി.എ പ്രസിഡന്റ് ഷാജി എ.എസ്. അധ്യക്ഷത വഹിച്ചു. സ്കൂൾ ഡയറക്ടർ ബ്രദർ അഗസ്റ്റിൻ മുഖ്യപ്രഭാഷണവും നടത്തി. തുടർന്ന് സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിലെ ഫിസിയോ തെറാപ്പിസ്റ്റ് ശാലിനി ഗർഗ് കുട്ടികളിൽ കാണപ്പെടുന്ന ശാരീരിക വൈകല്യങ്ങളും പ്രതിവിധികളും എന്ന വിഷയത്തിൽ ക്ലാസ് എടുക്കുകയും ചെയ്തു.

# കാണ്ടുവ




ബ്ര. സ്റ്റീഫൻ ചിറയത്ത്

ആതുരസേവനരംഗത്തെ ക്രിയാത്മകമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന സന്യാസസമൂഹമാണ് ഹോസ്പിറ്റലർ ഓർഡർ ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്. 1969–ൽ ജർമനിയിൽനിന്നും ഹൈറേഞ്ചിലെ കട്ടപ്പനയിൽ ബ്രദർ ഫോർത്തുനാത്തൂസാണ് സഭയുടെ ഇന്ത്യയിലെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. 1985 -വരെ ഓർഡറിന്റെ പ്രവർത്തനങ്ങൾ ദക്ഷിണേന്ത്യയിൽ മാത്രമായി ഒതുങ്ങിനിൽക്കുകയായിരുന്നു. ബ്രദർ ഫോർത്തുനാത്തൂസ് തുടങ്ങിവച്ച മിഷണറി ആവേശം ഭാരതത്തിന്റെ വികസനം എത്തിച്ചേരാത്ത ഗ്രാമങ്ങളിലെത്തിക്കുവാൻ ബ്രദേഴ്സ് വെമ്പൽ കൊള്ളുകയായിരുന്നു. അങ്ങനെയാണ് കാണ്ടുവാ രൂപതയുടെ ക്ഷണം സ്വീകരിച്ച് 1985–ൽ മദ്ധ്യപ്രദേശിലെ കാണ്ടുവായിലെ ദേശ്ഗൺ എന്ന സ്ഥലത്ത് ഒരു ഡിസ്പെൻസറിക്ക് ആരംഭം കുറിച്ചത്.

പ്രാചീന ആചാരങ്ങളും അനുഷ്ഠാനങ്ങളും വച്ചുപുലർത്തുന്ന പ്രകൃതിയോട് ഇണങ്ങി ജീവിച്ചിരുന്ന 85% ശതമാനത്തോളം ആദിവാസികളുൾപ്പെടുന്ന സമൂഹമായിരുന്നു കാണ്ടുവായിലെ ദേശ്ഗൺ എന്ന പ്രദേശം. ദൈവത്തിന് പൂർണ്ണമായി സമർപ്പിച്ച് ജീവിക്കുന്ന സന്യാസികളും ഇവരിൽ ഉൾപ്പെട്ടിരുന്നു. മറ്റുവിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായ ജീവിതരീതി വച്ചുപുലർത്തിയിരുന്ന ഈ ജനസമൂഹത്തിന് അവരുടേതായ ആചാരങ്ങളും ചികിത്സാരീതികളുമാണുണ്ടായിരുന്നത്. പ്രകൃതിയിൽനിന്നു ലഭിക്കുന്ന പച്ചമരുന്നുകളും ദുർമന്ത്രവാദവുമായിരുന്നു രോഗശമനത്തിന് ഇവർ ആശ്രയിച്ചിരുന്നത്.

1985–ൽ ബ്രദർ സാവിയോയുടെ നേതൃത്വത്തിൽ കാണ്ടുവായിലെ



ബ്രദർ സാവിയോ

ദേശ്ഗണിൽ എത്തുമ്പോൾ ഗ്രാമീണ ജീവിതവും അവരുടെ ആവശ്യങ്ങളും വൈഷമ്യങ്ങളും മനസ്സിലാക്കി ഗ്രാമീണരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് പ്രവർത്തനമാരംഭിക്കുന്നതിന് ബ്രദേഴ്സിന് സാധിച്ചു. പ്രാഥമിക ആരോഗ്യപ്രശ്നങ്ങളുടെ ക്രമീകരണത്തിനായി ഒരു ഡിസ്പെൻസറിയ്ക്ക് ആരംഭം കുറിക്കുകയും അതിനോടനുബന്ധിച്ച് വിവിധ സേവനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

ഇന്ന് ഹോസ്പിറ്റലർ ബ്രദേഴ്സിന്റെയും ഇടവകകളുടെയും ഇതര സന്യാസസമൂഹങ്ങളുടെയുംപ്രവർത്തനഫലമായി കാണ്ടുവാ ഏറെ മാറിയിരിക്കുന്നു. മെച്ചപ്പെട്ട ജീവിതനിലവാരവും വിദ്യാഭ്യാസവും, വൈദ്യസഹായവും ജനങ്ങൾക്ക് ലഭിച്ചുവരുന്നു. ഈ പ്രദേശത്തിന്റെ ആരോഗ്യമേഖലയ്ക്ക് പുത്തൻ പ്രതീക്ഷകൾ നൽകികൊണ്ട് സെന്റ് ജോൺ ഓഫ് ഗോഡ് ഹോസ്പിറ്റലിന്റെ നിർമ്മാണപ്രവർത്തനങ്ങളും പൂർത്തിയായി വരുന്നു. 2012 ഡിസംബർ 8–ന് പ്രവർത്തനമാരംഭിക്കുന്ന ഹോസ്



റിച്ചാർഡ് പാംമ്പുരി മെഡിക്കൽ സെന്റർ, കാണ്ടുവ

ഏകദേശം 14 ഗ്രാമങ്ങളിൽ സഭയുടെ സേവന പ്രവർത്തനങ്ങൾ വ്യാപിച്ചു. വൈദ്യസഹായം അൽപംപോലും കടന്നുചെല്ലാത്ത ഗ്രാമങ്ങളിൽ മരുന്നും പാൽപൊടിയും ഗോതമ്പുമായി ബ്രദേഴ്സ് സഞ്ചരിച്ചു. ഇടവക വികാരിമാരും സെന്റ് ജോസഫ് സേവിക സിസ്റ്റേഴ്സും അവരെ അകമഴിഞ്ഞു സഹായിച്ചു. അക്ഷരജ്ഞാനം അല്പം പോലുമില്ലാത്ത ഗജവാഡയിലും കെർദായിലും പ്രാഥമിക വിദ്യാലയങ്ങൾ തുടങ്ങി. 1988–ൽ ബ്രദേഴ്സിന്റെ ഭവനവും പുതിയ ഡിസ്പെൻസറിയും തുറന്നു.

പിറ്റൽ കാണ്ടുവായിലെ ഗ്രാമീണ ജനതയുടെആരോഗ്യമേഖലയ്ക്ക് അവസാനവാക്കാകുമെന്നതിൽ സംശയമില്ല.

നൂറ്റാണ്ടുകൾക്ക് മുമ്പ് വി. ജോൺ ഓഫ് ഗോഡ് തുടങ്ങിവച്ച സ്നേഹവിപ്ലവത്തിന്റെ അലയടികൾ അനേകരിലേയ്ക്ക് വ്യാപിക്കുന്നതിന്റെ ഉത്തമോദാഹരണമാണ് മധ്യപ്രദേശിലെ കാണ്ടുവായിൽ ഹോസ്പിറ്റലർ ബ്രദേഴ്സിലൂടെ പ്രാവർത്തികമാകുന്നത്. ആധുനികതയുടെ അനുകരണങ്ങൾക്കൊപ്പം ഹോസ്പിറ്റാലിറ്റിയുടെയും ജോൺ ഓഫ് ഗോഡിന്റെ ജീവിതദർശനങ്ങളെയും മറ്റുള്ളവരിലേയ്ക്ക് പകരാൻ നമുക്കൊരുമിച്ച് പ്രവർത്തിക്കാം.

# ഭാരതാംബയ്ക്ക് ഒരു പിറന്നാള്‍ സമ്മാനം







ഭാരതത്തിന്റെ മണ്ണില്‍ നന്മയുടെയും സമൃദ്ധിയുടെയും ഓര്‍മ്മകള്‍ നല്‍കിക്കൊണ്ട് വീണ്ടും ഒരു ഓഗസ്റ്റ് 15 കൂടി... രാജ്യസ്നേഹത്തിന്റെ സന്ദേശമുയര്‍ത്തി അഭിമാന പുളകിതയായി വീണ്ടും തൃവര്‍ണ്ണ പതാക ഓരോ ഭാരതീയന്റെയും മനസ്സില്‍ ആത്മാഭിമാനമുയര്‍ത്തി ഇന്ത്യ സ്വതന്ത്രയായിട്ട് 65 വര്‍ഷം തികയുന്നു.

ബ്രിട്ടീഷ് ഭരണത്തില്‍നിന്നും ഇന്ത്യ സ്വതന്ത്രയായ ദിനം. സെന്റ് ജോണ്‍ ഓഫ് ഗോഡ് സ്പെഷ്യല്‍ സ്കൂളിലെ കുരുന്നുകള്‍ ഓരോ ഭാരതീയനു നേര്‍ക്കും രാജ്യചിന്തയുടെ, സാമൂഹ്യബോധത്തിന്റെ ചോദ്യശരങ്ങള്‍ തൊടുത്തുവിട്ട. വര്‍ണ്ണാഭമായി ഒരു സ്വാതന്ത്ര്യദിനാഘോഷം ആയിരുന്നു ഈ വര്‍ഷവും.

8.30–ന് പാമ്പാടി പഞ്ചായത്ത് മെമ്പര്‍ അനീഷ് ഗ്രാമറ്റം തൃവര്‍ണ്ണപതാകയുയര്‍ത്തിയതോടെ സ്വാതന്ത്ര്യദിനാഘോഷങ്ങള്‍ക്ക് ആരംഭം കുറിച്ചു. പഞ്ചായത്ത് മെമ്പര്‍ അനീഷ്, ബ്രദര്‍ അഗസ്റ്റിന്‍, പ്രിന്‍സിപ്പല്‍ ദിപു ജോണ്‍ എന്നിവര്‍ സ്വാതന്ത്ര്യദിനസന്ദേശം നല്‍കി.

“ഞാനും ഒരിന്ത്യക്കാരനാണ്” എന്ന് അഭിമാനപുരസ്സരം ജയ്ഹിന്ദ് വിളികളുമായി വിദ്യാര്‍ത്ഥി പ്രതിനിധി റോയിന്‍സിന്റെ സ്വാതന്ത്ര്യദിനസന്ദേശവും തുടര്‍ന്നുള്ള ദേശഭക്തിഗാനവും ഓരോ നിമിഷങ്ങളെയും ധന്യമാക്കി.

9 മണിക്ക് സ്കൂള്‍ അങ്കണത്തില്‍ സ്പോര്‍ട്സ് കമ്മറ്റിയുടെ ആഭിമുഖ്യത്തില്‍ ലോട്ടസ് ഫോര്‍മേഷന്‍ നടത്തപ്പെട്ടു. നടുമുറ്റത്ത് കുട്ടികള്‍ ഓരോ താമരയിതളുകളുമായി അണിനിരന്നപ്പോള്‍ ഒരുമയുടെയും ഐക്യതയുടെയും താമരമലര്‍ വിരിഞ്ഞത് കാഴ്ചക്കാരന്റെ മനസ്സിന് കുളിര്‍മയേകി...

9.45–ന് സ്വാതന്ത്ര്യദിനറാലി സ്കൂളില്‍നിന്നും പുറപ്പെട്ടു. മഴ കുട്ടികളുടെ പ്രതീക്ഷയ്ക്ക്മേല്‍ കണ്ണീരായി പെയ്യുമെന്ന് ശങ്കിച്ചിരുന്നെങ്കിലും ഈ കുരുന്നുകളുടെ കഴിവിന് മുന്നില്‍ പ്രകൃതിയും ശാന്തയായി. അതിഗംഭീരമായ ബാന്റ് മേളത്തിന്റെ അകമ്പടിയോടെ ആയിരുന്നു റാലി. ഗാന്ധിജി, ഭാരത്മാത, നെഹ്റു എന്നിവരുടെ വേഷത്തില്‍ കുട്ടികള്‍ അണിനിരന്നപ്പോള്‍ ഓര്‍മ്മയില്‍ വീണ്ടും ദേശസ്നേഹത്തിന്റെ സ്മരണകള്‍ കടന്നുവന്നു. വിവിധ സംസ്ഥാനങ്ങളുടെ വേഷമണിഞ്ഞവര്‍, അനീതിയ്ക്കെതിരെയുള്ള പ്രതിഷേധങ്ങള്‍ എന്നിവയും റാലിയുടെ ഭാഗമായി.

ബുദ്ധിമാന്ദ്യമുള്ളവരെന്ന് സമൂഹം മുദ്രകുത്തിയ ഈ കുരുന്നുകള്‍ വന്ദേമാതരം എന്ന് ഹൃദയം നിറഞ്ഞ് മുദ്രാവാക്യമുയര്‍ത്തിയപ്പോള്‍ കഴിവുള്ളവരെന്ന് അഹങ്കരിച്ചവര്‍ ഈ കുരുന്നുകള്‍ക്ക് മുന്നില്‍ തലതാഴ്ത്തി. സ്വാതന്ത്ര്യദിനം അമിത ആര്‍ഭാടങ്ങളുടെ അകമ്പടിയോടെ ആഘോഷിക്കാം എന്ന് കരുതിയിരുന്നവര്‍ക്കെല്ലാം, ചര്‍ക്കയില്‍ നൂല്‍നൂറ്റിരുന്ന പീഢനങ്ങളേറ്റുവാങ്ങിയ ആ ധീരസേനാനിയുടെ ചിന്തകളുമായി മുന്നോട്ട് നീങ്ങിയ ഈ കുരുന്നുകളുടെ മുദ്രാവാക്യങ്ങള്‍ വെല്ലുവിളിയായി.

“ഇന്ത്യയുടെ പൈതൃകം ഞാന്‍ കാത്തുസൂക്ഷിക്കാം” എന്ന വാക്യങ്ങള്‍ വായുവില്‍ ഉയര്‍ന്നുനില്‍ക്കേ ആര്‍ക്കാണ് വൈകല്യം എന്ന ചോദ്യം ഓരോ കുട്ടിയുടെയും കണ്ണുകളില്‍ നിന്നുയര്‍ന്നു.

അനീതിയ്ക്ക്മേല്‍ നീതിയുടെ പ്രകാശം വിരിയിച്ചുകൊണ്ട് അക്ഷീണ പോരാട്ടങ്ങളുടെയും സഹനത്തിന്റെയും ശ്രുതിഗീതങ്ങള്‍ പാടിക്കൊണ്ട് സെന്റ് ജോണ്‍ ഓഫ് ഗോഡിലെ കുരുന്നുകള്‍ സഞ്ചരിച്ച വീഥിയിലൂടെ പ്രകൃതിയുടെ മര്‍മ്മരം ഉയര്‍ന്നു കേട്ടു.

**“ഭാരത് മാതാ കീ ജയ്...”**



# ഓണചിന്തകളിലേക്ക് ഒരു തിരിഞ്ഞുനോട്ടം



ഗീതുദാസ്

മലയാള തനിമയ്ക്ക് നിറച്ചാർത്ത് പകരുവാൻ നന്മയുടെയും ഐശ്വര്യത്തിന്റെയും ഓണവില്ല് വിരിച്ചുകൊണ്ട് വീണ്ടും ഒരു പൊന്നോണം വരവായി. സമൃദ്ധിയുടെയും പരിശുദ്ധിയുടെയും കഥകൾ പറഞ്ഞുകൊണ്ട് ഓണനിലാവ് വിരുന്നിനെത്തുന്ന ഓണക്കാലത്തിന്റെ സുവർണ്ണ സ്മൃതികളിലേക്ക് തിരിഞ്ഞുനോക്കാം.

അത്തം പുലർന്നാൽ പത്തു ദിനവും ഓണപ്പാച്ചിലിലേക്കായി മാറ്റിവയ്ക്കാൻ ഓരോ മലയാളിയും ചിന്തിച്ചിരുന്ന കാലം. തൊടിയിലും വയലിലും വിരിയുന്ന ഓണപ്പൂക്കൾ പറിക്കുവാൻ കൈയ്യിൽ പൂവട്ടിയും ഇലക്കീറുകളുമായി പാറിപറക്കുന്ന ബാല്യം ഇന്നലെകളിലേക്ക് മാടിവിളിക്കുന്നു. മാവേലിയെ വരവേൽക്കാൻ അത്തം മുതൽ തിരുവോണം വരെയുള്ള കാത്തിരുപ്പ് ഓരോ മലയാളിക്കും സുഖം പകരുന്ന ഓർമ്മകൾ ആയിരുന്നു. തൊടിയിലെയും ഇടവഴികളിലെയും പത്തുനിറത്തിലുള്ളപൂക്കൾ നടുമുറ്റത്ത് പൂക്കളത്തിനായി വിരുന്നിനെത്തുമ്പോൾ അടുക്കളയിൽനിന്നും അടപ്രഥമന്റെയും നാടൻ വിഭവങ്ങളുടെയും കൊതിയൂറുന്ന ഗന്ധം ഓരോ കേരളീയനെയും കാത്തിരുന്നു. ഓണത്തപ്പനെ ഒരുക്കിയും നിറപറയും ഓണക്കോടിയും ഊഞ്ഞാലും നാടൻ കളികളുമായി പഴമയുടെ ഒരു ആഘോഷമേളം...

എന്നാലിന്ന് ആധുനിക ബാല്യം ഓണത്തിന്റെ ഐതീഹ്യങ്ങളെയും ഓണസദ്യയുടെ കൊതിയൂറും രുചിയെയും അന്യമാക്കിയിരിക്കുന്നു. തൊടിയിലെ തളിർവാഴയിലയിൽ വിഭവങ്ങളൊരുക്കിയ മലയാളി ഇന്ന് പ്ലാസ്റ്റിക് ഇലകൾക്ക് പിന്നാലെ പായുന്നു. അത്തത്തിനായി തലയെടുപ്പോടെ വിരിഞ്ഞു നിന്നിരുന്ന മുക്കുറ്റിയും ഓണപ്പൂവും ഇന്ന് കാലയവനികയ്ക്കുള്ളിൽ മറഞ്ഞിരിക്കുന്നു. ഇന്ന് നടുമുറ്റത്ത് വിരുന്നിനെത്തുന്നത് ഓണചന്തകളിൽ വിൽപനയ്ക്കെത്തുന്ന മറുനാടൻ പൂക്കൾ ആണ്. ഓരോ മലയാളിയും സദ്യയ്ക്കെടുക്കുന്നത് കീടനാശിനികൾ തളിച്ചെത്തുന്ന പച്ചക്കറികൾ. ഇവിടെ പഴമയുടെ ഓണം വിതുമ്പുകയാണ്.

ഈ ഓണനാളുകൾ എങ്കിലും നമുക്ക് നിറവിന്റേതാക്കാം. യവനികയ്ക്കുള്ളിൽ മറഞ്ഞ നാടൻ ശീലുകളെ നമുക്ക് വീണ്ടുമോർക്കാം... പഴമയിലൂടെ നാമറിഞ്ഞ ആ നന്മയുടെ ഓണക്കാലത്തെ വീണ്ടും വരവേൽക്കാം. ഒരുമയുടെയും നന്മയുടെയും ഐശ്വര്യത്തിന്റെയും ഒരു ഓണം ആകണം നമുക്ക് മുന്നിലെത്തുന്നത്. പാശ്ചാത്യൻ സംസ്കാരങ്ങളുടെ കടന്നുകയറ്റം നമുക്ക് ഓണനാളുകളിലെങ്കിലും മാറ്റിവയ്ക്കാം...

വീണ്ടും പഴയതുപോലെ ഓണസദ്യയൊരുക്കിയും അത്തപ്പൂക്കളമൊരുക്കിയും ഓണപ്പാട്ടുകൾ പാടി തിരുവാതിര ചുവടുകളുമായി നമുക്ക് ഓണം ആഘോഷിക്കാം. നടുമുറ്റം ഒരുക്കി നിറപുഞ്ചിരിയുമായി കാത്തിരിക്കാം... നന്മയുടെ മാവേലി മന്നൻ വരുന്നതിനായി...

## എല്ലാവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ!



# ഒട്ടകകുഞ്ഞുങ്ങളും അമ്മയും



സിസ്റ്റർ ലിസ്ബി തെരേസ SCJG

ഒട്ടക കുഞ്ഞുങ്ങളും അമ്മയും ഇളംകാറ്റേറ്റ് വിശ്രമിക്കുകയാണ്. മരുഭൂമിയിലെ മണൽകാറ്റ് വീശിയടിക്കുന്നു. പെട്ടെന്നൊരു കുഞ്ഞുമനസ്സ് പരാതിയുടെ പൊതികെട്ടഴിച്ചു. “അമ്മേ, നമുക്കെന്തുകൊണ്ടാണ് ഈ വൃത്തികെട്ട കാലുകൾ; സൗന്ദര്യം വറ്റിയ കണ്ണുകൾ; മുതുകത്ത് ആന മറുക്?” മകളെ തന്നോടു ചേർത്തുനിർത്തി അമ്മ ഇങ്ങനെ മന്ത്രിച്ചു: “മണൽക്കാറ്റ് വീശിയടിക്കുമ്പോൾ കണ്ണിൽ പൊടി പോകാതിരിക്കാനാണ് കണ്ണുകളിങ്ങനെ; മണൽക്കൂനയിൽ കാലുകൾ താഴ്ന്നുപോകാതിരിക്കാനാണ് പാദങ്ങളിങ്ങനെ; ആഴ്ചകളോളം മരുഭൂമിയിൽ വെള്ളമില്ലാതെ വലയുമ്പോൾ വൃത്തികെട്ടു മുഴച്ചുനിൽക്കുന്ന മുതുകിനുള്ളിലെ ജലസംഭരണിയാണ് നമുക്കു തുണ. ഇത് മറ്റാർക്കുമേകാതെ നമുക്കു മാത്രമായി ദൈവം സമ്മാനിച്ച വൻകൃപയാണ്. നമ്മുടെ ഇത്തരം കുറവുകളാണ് നമ്മുടെ ജീവിതത്തിനു തുണയാകുന്നതു” എന്നുപറഞ്ഞ് മക്കളെ ഒട്ടകം അണച്ചു പിടിച്ചു. പിന്നീടൊരിക്കലും ഒട്ടകകുഞ്ഞുങ്ങൾ തങ്ങളുടെ വൈരൂപ്യത്തെയോർത്തു വിലപിച്ചിട്ടില്ല. മാത്രമല്ല അവരവരിൽ തന്നെ അഭിമാനിച്ചു. ഇങ്ങനെ ഓരോ കുറവുകളും എന്തൊക്കെ നിറവുകളാണ്.

ചിന്തേരിട്ട ചിന്തകൊണ്ടും കടഞ്ഞെടുത്ത വാക്കുകൊണ്ടും നെഞ്ചിനെ ഉടക്കിവലിക്കുന്ന സത്യങ്ങൾ. കാത്തിരിക്കാത്തവരായി ആരുണ്ട്. ആർക്കോ വേണ്ടി എന്തിനോവേണ്ടി ജീവിതമെന്ന വലിയ ക്യാൻവാസ് നിറയെ കാത്തിരിപ്പിന്റെയും കാത്തുനിൽപ്പിന്റെയും ചിത്രങ്ങളാണ്. മനുഷ്യനോളം പഴക്കമുള്ള വിഷയങ്ങളാണിന്ന്. ഗർഭപാത്രത്തിൽ ഉരുവെടുക്കും മുതലേ കാത്തിരിപ്പാരംഭിക്കുന്നു.

പാതയോരത്തെ തണൽമരങ്ങളും ഇടവഴിയിലെ തൊട്ടാവാടികളും പൂന്തോട്ടത്തിലെ കിളികളും പൂക്കളും വയൽ വരമ്പിലൂടെ വരുന്ന കർഷകനും മറഞ്ഞിരിക്കുന്ന ഓരോ ദൈവിക സന്ദേശം ആണ്. ഓരോ കുന്നിന്റെ പുഞ്ചിരിയിലും പറവയുടെ പാട്ടിലും ദൈവത്തിന്റെ സ്വരം കേൾക്കണം.

നമ്മുടേതെന്നു നാം കരുതിയ വഴികളൊക്കെ പിന്നെ നമുക്കന്യമാകും. പരസ്പരം പറഞ്ഞും പറയാതറിഞ്ഞും സുഖദുഃഖങ്ങളിൽ പങ്കുകൊള്ളാൻ ഒരു ചങ്ങാതിപോലും ഇല്ലാതാകും.

ജീവിതത്തിൽ ആർക്കോ നമ്മെകൊണ്ട് ഉപകാരമുണ്ടെന്ന തോന്നൽ ഒരു ദിനം കൂടി ജീവിക്കാൻ നമുക്കു പ്രേരണയാകും. ഓരോ സക്കേവൂസിനെയും സൃഷ്ടിക്കുമ്പോൾ അവിടുന്നൊരു സിക്കമുർ മരവും മുളപ്പിക്കുന്നുണ്ട്. പ്രപഞ്ചത്തിലെ ഓരോ കിളിക്കുഞ്ഞിനും വേണ്ടിയെന്ന പോലെ ദൈവം ഒരുമരം നട്ടുവയ്ക്കുന്നുണ്ട്. ഭൂമിയിൽ പിറന്നുവീഴുന്ന ഏതൊരുവനെപ്പറ്റിയും തമ്പുരാനു വലിയൊരു പദ്ധതിയുണ്ട്. ഈ പ്രപഞ്ചത്തിൽ എനിക്കേറ്റം ആനന്ദം തരുന്നത് ഞാൻ ആരാലോ സ്നേഹിക്കപ്പെടുന്നു എന്ന ചിന്തയാണ്. നേരിന്റെയും ഹൃദയാർദ്രതയുടെയും തിരികളഞ്ഞു പോകുന്ന ഇരുണ്ട രാവുകളിലും എവിടെയൊക്കെയോ ചില കൈത്തിരികൾ തെളിയുന്നുണ്ട്.








**ലിബിൻ കെ. എം.**
**സോഷ്യൽ വർക്കർ**




# അവകാശങ്ങളും ആനുകൂല്യങ്ങളും

വൈകല്യമുള്ളവർക്ക് മാതാപിതാക്കളുടെ കാലശേഷവും സംരക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി വന്ന ഒരു നിയമമാണ് നാഷണൽ ട്രെസ്റ്റ് ആക്ട്. ഈ നിയമത്തിന്റെ കീഴിൽവരുന്നത് ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാഴ്സി, മൾട്ടിപ്പിൽ ഡിസെബിലിറ്റി എന്നിവയുള്ള വ്യക്തികളാണ്. സംരക്ഷണം ആവശ്യമുള്ള വ്യക്തികൾക്കുവേണ്ടി രക്ഷാകർത്താക്കളെയും ട്രസ്റ്റികളെയും നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർദ്ദേശിക്കുകയെന്നതാണ് നാഷണൽ ട്രെസ്റ്റ് ആക്ടിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. വളരെപ്രത്യേക സാഹചര്യങ്ങളിലൊഴികെ വൈകല്യമുള്ള വ്യക്തികൾക്ക് 18 വയസ്സിനുശേഷം രക്ഷാകർതൃത്വത്തിനായുള്ള യാതൊരു വകുപ്പും ഈ നിമയം പ്രാപല്യത്തിൽ വരുന്നതുവരെ ഉണ്ടായിരുന്നില്ല. 18 വയസ്സിനുശേഷം വൈകല്യമുള്ള വ്യക്തികൾക്കായി രക്ഷാകർത്താവിനെ നിയമിക്കാൻ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ നാഷണൽ ട്രസ്റ്റിൽ രജിസ്റ്റർ ചെയ്ത സംഘടനകൾക്കോ ആവശ്യപ്പെടാനുള്ള അധികാരം നാഷണൽ ട്രസ്റ്റ് ആക്ടിലൂടെ ലഭിക്കുന്നു.

നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരം മാനസിക വൈകല്യം ഉള്ളവർക്കുവേണ്ടി 'നിരാമയ' (Niramaya) എന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. വൈകല്യമുള്ളവർക്ക് ഒരു ലക്ഷം രൂപാ വരെ ആരോഗ്യപരിരക്ഷയ്ക്കായി ഒരു വർഷത്തിൽ സൗജന്യമായി ലഭിക്കുന്ന ഇൻഷുറൻസ് പദ്ധതിയാണിത്. മാസവരുമാനം 15000 രൂപയിൽ കുറവുള്ളവർക്ക് 250 രൂപയും 15000 രൂപയിൽ കൂടുതലുള്ളവർക്ക് ഒരു വർഷം 500 രൂപയും പ്രീമിയം അടക്കേണ്ടതാണ്. മേൽപറഞ്ഞ തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് നമ്പർ: 30396764585-ൽ നാഷ്ണൽ ട്രസ്റ്റ് നിരാമയ ഇൻഷുറൻസ് പദ്ധതിയുടെ പൂരിപ്പിച്ച അപേക്ഷയോടൊപ്പം നൽകണം. ഇതോടൊപ്പം ചേർക്കേണ്ട മറ്റു രേഖകൾ:

1. മെഡിക്കൽ ബോർഡുവഴി ലഭിക്കുന്ന വികലാംഗ സർട്ടിഫിക്കറ്റ്.

2. ഗുണഭോക്താവിന്റെ പേര് പ്രിന്റ് ചെയ്ത 2 പാസ് പോർട്ട് സൈസ് ഫോട്ടോ.

(കുട്ടിയുടെ പേര് പ്രിന്റ് ചെയ്ത് വരുന്നതിനായി പേരെഴുതിയ ഒരു സ്ലേറ്റ് ശരീരത്തോട് ചേർത്ത് മുൻപിൽ പിടിച്ചുകൊണ്ട് ഫോട്ടോ എടുത്താൽ മതിയാകും.)

3. ഗുണഭോക്താവിന്റെ മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖ.

4. വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.

5. ജനനത്തീയതി തെളിയിക്കുന്നതിനുള്ള ജനനസർട്ടിഫിക്കറ്റ്.

*ഓണവിഭവം*

# മധുര പപ്പടം




**ഐബി സി.എ.**




**ആവശ്യമുള്ള സാധനങ്ങൾ**

| | |
|---|---|
| തേങ്ങ | : 2 കപ്പ് |
| പഞ്ചസാര | : അരക്കപ്പ് |
| പപ്പടം | : 10 എണ്ണം |
| എണ്ണ | : ആവശ്യത്തിന് |
| ഏലയ്ക്കാപ്പൊടി | : ഒരു ടീസ്പൂൺ |

**തയ്യാറാക്കുന്ന വിധം**

തേങ്ങയും പഞ്ചസാരയും ഏലയ്ക്കാപ്പൊടിയും നന്നായി കൈകൊണ്ട് കുഴയ്ക്കുക. ശേഷം പപ്പടത്തിന്റെ നടുവിൽ നിറച്ച് രണ്ടായി മടക്കി, നാല് വശവും വെള്ളംതൊട്ട് ഒട്ടിച്ച് എണ്ണയിൽ വറുത്ത് ചൂടോടെ കഴിക്കുക.

# NIRAMAYA

(Health Insurance Scheme for Persons with Disabilities under the National Trust Act)

## ENROLLMENT FORM

Photograph of PWD

1. Name of Person with Disability (PWD)

2. Father's / Husband's Name

3. (i) Age: (ii) Sex: Male / Female (iii) Status: Married/Unmarried

4. Educational Qualifications

| 5. Type of Disability | tick here | Percentage |
|---|---|---|
| a) Autism | | |
| b) Cerebral Palsy | | |
| c) Mental Retardation | | |
| d) Multiple Disabilities | | |

Please specify disabilities

6. Name of legal guardian, if any, and relationship with PWD

7. Address of PWD for correspondence

Pin Phone email

8. Family Income of PWD / Parent

9. If family income above 15000 pm, details of amount paid by the PWD to .............................
National Trust (Niramaya) Bank Account
(State Bank of India A/c 30396764585)*

10. Disability & Income verified & found correct:

(signature & seal of LLC - NGO member)

11. Name & Designation of the authorized person of the NGO
forwarding this enrollment form:

12. Name of the NGO

13. Place: Date: Signature of the authorized person

# NEWS & EVENTS



## ചൈൽഡ് ഗൈഡൻസ് ക്ലിനിക്കൽ പോസ്റ്റിംഗ്

നേഴ്സിംഗ് പഠനകാലഘട്ടത്തിലെ ചൈൽഡ് ഗൈഡൻസ് ക്ലിനിക്കൽ പോസ്റ്റിംങ്ങിന്റെ ഭാഗമായി സെന്റ് ജോൺസ് കോളജ് ഓഫ് നേഴ്സിംഗ് കട്ടപ്പന, സെന്റ് ഗ്രിഗോറിയോസ് കോളജ് ഓഫ് നേഴ്സിംഗ് പരുമല എന്നിവിടങ്ങളിൽ നിന്നും മൂന്നാംവർഷ B.Sc നേഴ്സിംഗ് വിദ്യാർത്ഥികൾ സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിൽ ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ സേവനമനുഷ്ഠിച്ചു.



## ശ്രമദാനം


മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ആജീവനാന്തപരിചരണത്തിനുവേണ്ടിയുള്ള കെട്ടിടസമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ അധ്യാപക രക്ഷാകർതൃ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ ശ്രമദാനം




സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പാമ്പാടി ബ്രാഞ്ച് ജൂലൈ 1-ന് ബാങ്ക് ഡേ-യോടനുബന്ധിച്ച് നടത്തിയ കമ്മ്യൂണിറ്റി സർവീസ് പദ്ധതിയുടെ ഭാഗമായി സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂളിന് സീലിംഗ് ഫാനുകൾ വിതരണം ചെയ്തു. 10 ഫാനുകളാണ് സ്കൂളിന് ലഭിച്ചത്. പാമ്പാടി എസ്.ബി.ഐ. മാനേജർ നീന്ദു സെന്റർ ഡയറക്ടർ ബ്രദർ അഗസ്റ്റിൻ പോളപ്രയലിന് ഫാനുകൾ കൈമാറി.

# വർണ്ണപ്പകിട്ട്






ബിൻസി എബ്രഹാം



മരിയ അലക്സ്




അലൻ അലക്സ്



ഉണ്ണിക്കുട്ടൻ വി.പി.




ലിയോൺ ഷിജി

# ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്
# സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ്

"വിശന്നവനായ് വിയർത്തവനായ്
നഗ്നനായി നിങ്ങളെന്നെ കാണും
മൺകുടിലിൽ പൂർണ്ണവിവശനായ്
വീണ്ടും നിങ്ങളെന്നെ കാണും
വേദനയാൽ തളർന്നവനായ്
ദാഹംപേറി കുഴഞ്ഞവനായ്
നിരാശനായി തടവറതന്നിൽ
വീണ്ടും നിങ്ങളെന്നെ കാണും
എൻ സ്വരം കേട്ട് വന്നിടണം"





ഈ സ്വരം കേട്ട്...


രോഗികളുടെയും വേദനിക്കുന്നവരുടെയും
ആവശ്യത്തിലിരിക്കുന്നവരുടെയും കവിളുകളിൽ തങ്ങിനിന്ന
കണ്ണീരൊപ്പി, ആദരാത്മകശുശ്രൂഷയിലൂടെ
ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും നെയ്ത്തിരിയായിത്തീർന്ന
സെന്റ് ജോൺ ഓഫ് ഗോഡിനെപ്പോലെ...

ഹൈറേഞ്ചിലെ പാവങ്ങൾക്കും
രോഗികൾക്കും അശരണർക്കും അത്താണിയായി...
പ്രത്യാശയുടെ വെളിച്ചമായി...
സാന്ത്വനത്തിന്റെ കരമായി...
'പാവങ്ങളുടെ വല്യച്ച'നായിത്തീർന്ന ബ്ര. ഫോർത്തുനാത്തൂസിനെപ്പോലെ
സമർപ്പണജീവിതം വഴിയായി, ചെറിയവരിലൂടെ നമ്മെ സമീപിക്കുന്ന
ഈശോയെ ശുശ്രൂഷിക്കുവാൻ,

ഉപവിയുടെ ഉപകരണങ്ങളാകുവാൻ, വിശുദ്ധിയുടെ സൗരഭ്യം പകരാൻ...

നിങ്ങളും വരുന്നോ?

**കുഞ്ഞനുജൻമാർക്കും കുഞ്ഞനുജത്തിമാർക്കും**
**സ്വാഗതം**



VOCATION PROMOTER
St. John of God Centre
Velloor P.O., Pampady,
Kottayam, Kerala
Tel : 9495506576, 9961012247

VOCATION PROMOTER
Sisters of Charity of St. John of God
Kattappana South P.O.
Idukki (Dist.), Pin - 685515
Tel : 04868 272744

Printed and published by St. John of God Special School, Annadivayal, Velloor P.O., Pampady, Kottayam - 686501
Tel. +91 481 2373236, 2373235, seldjohnofgodschool@yahoo.com, www.stjohnofgodcentre.org
Private Circulation Only